# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: പി.ആർ.ബാലചന്ദ്രൻ നായർ)

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിലെ/ദേവസ്വങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ കൂടി നൽകുന്നത് സംബന്ധിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 6895/12/Est-I** നന്തൻകോട് 09/2/2015

---

പരാമർശം :- (1) 12-07-2012 ലെ ROC 6895/12/Est-I നമ്പർ ബോർഡുത്തരവ്.

(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 27-03-2014 ലെ DA-3/14/DPF നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിലെ ജീവനക്കാരുടെ ശമ്പളം 'സീറോ ബാലൻസ് അക്കൗണ്ട്' ആരംഭിച്ച് അതത് ജീവനക്കാരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ബോർഡുത്തരവായിട്ടുള്ളതാണ് (പരാമർശം -1).

പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അപേക്ഷിക്കുന്ന ദേവസ്വം ബോർഡ് ജീവനക്കാർക്ക് അവരവരുടെ പേരിൽ Account Payee Cheque/Demand Draft നൽകുന്ന രീതിയാണ് നിലവിൽ അവലംബിച്ചു വരുന്നതെന്നും, പ്രോവിഡന്റ് ഫണ്ട് തുകയും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്ന പക്ഷം നടപടി ക്രമങ്ങൾ ലഘൂകരിയ്ക്കാവുന്നതാണെന്നും DD, Cheque എന്നിവ അയയ്ക്കുമ്പോൾ അവ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ടെന്നും ആകയാൽ പ്രോവിഡന്റ് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്ന തുക അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം - 2).

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിയ്ക്കുന്ന തുക അതത് ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിൽ കൂടി നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK